"ഭരണഭാഷ-മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. DB4/531/CMLRRP/20/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു തീയതി: 08/01/2021

## സർക്കുലർ

വിഷയം:- സി.എം.എൽ.ആർ.ആർ.പി പ്രവൃത്തികളുടെ പൂർത്തീകരണ ശേഷം വിവരങ്ങൾ ഉൾപ്പെടുത്തിയ ഫലകം സ്ഥാപിക്കുന്നത് – സംബന്ധിച്ച്

സൂചന:-
1. ഈ കാര്യാലയത്തിലെ 21/05/2020 ലെ ഇതേ നമ്പർ സർക്കുലർ
2. ഈ കാര്യാലയത്തിലെ 10/12/2020, 28/12/2020 എന്നീ തീയതികളിലെ ലെ ഇ.17/5555/20/സിഇ/എൽ.എസ്.ജി.ഡി നമ്പർ സർക്കുലറുകൾ
3. സർക്കാരിന്റെ 01/01/2021 ലെ ഇ.ഡബ്ല്യു.ബി.2/46/2020- നമ്പർ കത്ത്

*****

മേൽ സൂചനകളിലേക്കും, വിഷയത്തിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. സി.എം.എൽ.ആർ.ആർ.പി പ്രവൃത്തികളുടെ പൂർത്തീകരണ ശേഷം ടി പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥിരമായ ഫലകം സ്ഥാപിക്കേണ്ടതാണെന്നും, ആയതിന്റെ വ്യക്തമായ ഫോട്ടോ MIS സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യേണ്ടതാണെന്നും, ഇത് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണെന്നും, സൂചന (1), (2) പ്രകാരമുള്ള സർക്കുലറുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ, ഇത്തരത്തിൽ സ്ഥാപിച്ചിട്ടുള്ള നാമഫലകങ്ങൾക്ക് ഏകീകൃതമായ അളവോ മാതൃകയോ ഇല്ലാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. **ആയതിനാൽ, സൂചന (3) പ്രകാരം ഒരു ഏകീകൃത ഡിസൈൻ സർക്കാർ തലത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇനിമേൽ നിർമ്മാണം പൂർത്തീകരിക്കുന്ന എല്ലാ സി.എം.എൽ.ആർ.ആർ.പി പ്രവൃത്തികളുടെയും നാമഫലകം, സൂചന (3) കത്തിൽ സർക്കാർ നിർദ്ദേശിച്ച ഡിസൈൻ പ്രകാരമാണെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.**

ഉള്ളടക്കം:- ഫലകത്തിന്റെ ഡിസൈൻ/രൂപകൽപന

ചീഫ് എഞ്ചിനീയർ

എൻ.പി/-

**Note* - Board size preferred - 1.20m x 0.7m**